**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1038** **11-02-2025 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ സ്ഥാപിക്കുന്നതിനും റെസ്റ്റൊറേഷൻ പ്രവൃത്തികൾക്കുമുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും പൈപ്പുകൾ സ്ഥാപിച്ച റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടത്തുന്നതിനും വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡ്, ചെങ്ങാലൂർ-മണ്ണംപേട്ട-മാവിൻ ചുവട് റോഡ്, നന്തിപുലം-വരന്തരപ്പിള്ളി റോഡ്, ആമ്പല്ലൂർ-പാലപ്പിള്ളി റോഡ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, തൈക്കാട്ടുശ്ശേരി-തലോർ റോഡ്, പല്ലിശ്ശേരി ചർച്ച് റോഡ് ഉൾപ്പടെയുള്ള വിവിധ റോഡുകളിൽ വാട്ടർ അതോറിറ്റി, ജൽജീവൻ മിഷൻ എന്നിവയുടെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ആയതിന്റെ റെസ്റ്റൊറേഷൻ പ്രവൃത്തികളും ഉടൻ പൂർത്തിയാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പുതുക്കാട്-മുപ്ലിയം-കോടാലി റൂട്ടിൽ ജെ.ജെ.എം. പ്രവൃത്തിയിൽ 6.5 കി.മീറ്റർ റോഡിന്റെ ഇരുവശത്തുമായി പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. അതിൽ 3.9 കി. മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. തുടർ പ്രവൃത്തികൾ നടന്ന് വരുന്നു. ഇതേ റോഡിൽത്തന്നെ, മറ്റത്തൂർ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഭാഗത്ത് പൈപ്പ് ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. എന്നാൽ വരന്തരപ്പിള്ളി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റോഡിന് കെ.ആർ.എഫ്.ബി. യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൈപ്പ് ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br><br>ചെങ്ങാലൂർ-മണ്ണംപേട്ട റോഡിൽ 3.5 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 85 ശതമാനം റിസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആമ്പല്ലൂർ-പാലപ്പിള്ളി റോഡിൽ 6 കി. മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 2.4 കി. മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് കഴിഞ്ഞു. തുടർ പ്രവൃത്തികൾ നടന്ന് വരുന്നു. കൂടാതെ ചെയിനേജ് 5/700 മുതൽ 6/000 വരെയുള്ള റോഡിന് കട്ടിങ്ങ് പെർമിഷൻ ലഭിക്കുന്നതിനായി ബാങ്ക് ഗ്യാരന്റി പൊതുമരാമത്ത് വകുപ്പിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | പല്ലിശ്ശേരി ചർച്ച് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് താൽക്കാലിക restoration ചെയ്തിട്ടുണ്ട്.<br><br>തൈക്കോട്ട്ശ്ശേരി-തലോർ റോഡിൽ പൈപ്പ് ലൈൻ വർക്ക് പൂർത്തീകരിച്ചു. Road Restoration ചെയ്യുന്നതിന് റോഡ് പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടുണ്ട്.<br><br>കുറുമാലി-തൊട്ടിപ്പാൾ മുളങ്ങ് റോഡിൽ പള്ളം, മുളങ്ങ് എന്നീ കൽവർട്ടുകൾ ഒഴികെ ബാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ GSB ഇടുന്ന പ്രവൃത്തി പള്ളം മുതൽ കുറുമാലി വരെ പൂർത്തീകരിച്ചിട്ടുണ്ട്. 29.01.2025 ന് CMT യോഗത്തിൽ പ്രസ്തുത റോഡിൽ റീസ്റ്റോറേഷൻ പ്രവൃത്തികൾ PWD ചെയ്യുമെന്നും അതിനുള്ള തുക PWDയിൽ അടവാക്കുവാനും തിരുമാനിച്ച തനുസരിച്ച് 01.02.2025 ന് PWD Joint Inspection നടത്തി 04.02.2025 ന് തുക അടവാക്കുന്നതിനായി demand Note ലഭിച്ചിട്ടുണ്ട്. കൂടാതെ തൊട്ടിപ്പാൾ നിന്നും മുളങ്ങിലേക്ക് പോകുന്ന ദിശയിൽ ആദ്യത്തെ കൽവർട്ട് വരെയാണ് റോഡിനോട് ചേർന്ന് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. അവിടെ GSB ഇട്ട് റോഡ് റീസ്റ്റോറേഷൻ ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന ഭാഗങ്ങളിൽ പൂർണ്ണമായും berm ലൂടെയാണ് പൈപ്പ് ലൈൻ സ്ഥാപിച്ചത്. അവിടെ റോഡ് റീസ്റ്റോറേഷൻ ചെയ്യേണ്ടതില്ല എന്ന് PWD അറിയിച്ചിട്ടുണ്ട്. മറ്റത്തൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന മുപ്ലിയം- ഇഞ്ചക്കുണ്ട് -കോടാലി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. യുടെ അനുമതി ലഭിച്ച് പ്രവൃത്തി പുരോഗമിക്കുന്നു.<br><br>നിലവിൽ 6.82 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതിയ്ക്കനുസരിച്ച് റോഡ് റെസ്റ്റൊറേഷൻ പ്രവൃത്തികളും നടത്തുന്നതാണ്. ഇതേ പഞ്ചായത്തിലെ കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡിന് പി.ഡബ്ല്യൂ.ഡി.യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൈപ്പ് ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br><br>വരന്തരപ്പിള്ളി പഞ്ചായത്തിലെ നന്തിപുലം - വരന്തരപ്പിള്ളി റോഡ്, റോഡിൽ പി.ഡബ്ല്യൂ.ഡി. യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൈപ്പ് ലൈൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br><br>ആമ്പല്ലൂർ - പാലപ്പിള്ളി റോഡിന് ഡിമാന്റ് നോട്ട് പ്രകാരം ബാങ്ക് ഗ്യാരന്റി അടവാക്കി യിട്ടുണ്ടെങ്കിലും പി.ഡബ്ല്യൂ.ഡി. യുടെ അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ